10. കവേരി

11. പട്ടുവം

12. മോറഴ

13. ആന്തൂർ

14. കോലഞ്ചേരി

15. ചേലേരി

16. മാണിയൂർ

17. മയ്യിൽ

18. കുറുമാത്തൂർ

19. മലപ്പട്ടം

20. ശ്രീകണ്ഠപുരം

21. ഇരിക്കൂർ

(ബി) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ രാമന്തളി, വെള്ളൂർ, പുളിങ്ങോം, തിമിരി, പരിയാരം, കുട്ടിയാറ്റൂർ, കയരളം, ചുഴലി, നൂ നടുവിൽ, പയ്യാവൂർ എന്നീ വില്ലേജുകളിൽ ഭാഗികമായി റീ-സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. കണ്ണൂർ താലൂക്കിൽ 34 വില്ലേജുകളിലും തളിപ്പറമ്പ് താലൂക്കിലെ 13 വില്ലേജുകളിലും ഇരിട്ടി താലൂക്കിലെ 18 വില്ലേജുകളിലും റീ-സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

എറണാകുളം, ഇടുക്കി ജില്ലകളിൽ പട്ടയം

177 (1220) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം, ഇടുക്കി ജില്ലകളിൽ പട്ടയം നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ;

(ബി) പട്ടയ ഭൂമികളിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ ഭാവിയിൽ അവർക്ക് തന്നെ വെട്ടിമാറ്റുന്നതിന് പട്ടയങ്ങളിൽ അനുമതി നൽകുന്നതിന് നടപടികൾ കൈക്കൊള്ളുമോ ;

(സി) പട്ടയഭൂമികളിൽ വനം വകുപ്പ് അനാവശ്യമായി ഇടപെട്ട് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് തടയുവാൻ നടപടികൾ സ്വീകരിക്കുമോ ?

993/2018

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എറണാകുളം ജില്ലയിൽ വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 1993-ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റക്കാർക്ക് വനഭൂമി പട്ടയങ്ങൾ അനുവദിച്ചിരുന്നു. എന്നാൽ കേന്ദ്രാനുമതി ലഭ്യമല്ലാത്തതിനാൽ എറണാകുളം ജില്ലയിൽ ഇപ്പോൾ വനഭൂമി പട്ടയങ്ങൾ നൽകുന്നില്ല. ഇടുക്കി ജില്ലയിൽ 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം (1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) 6 ഭൂമി പതിവ് ഓഫീസുകളിലായി 1-1-1977-ന് മുൻപ് കുടിയേറ്റം നടന്നതായി റവന്യൂ വനം വകുപ്പ് സംയുക്ത പരിശോധനയിൽ കണ്ടെത്തി ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപെട്ട ഭൂമിക്കും 1-1-1977-ന് മുൻപ് ഏലം കൃഷിക്കല്ലാതെ മറ്റ് കൃഷികൾക്കായി കുടിയേറ്റക്കാരൻ വിളപരിവർത്തനം നടത്തിയിട്ടുള്ള കാർഡമം ഹിൽ റിസർവ് (സി.എച്ച്.ആർ.) ഭൂമിക്കും പട്ടയ നടപടികൾ സ്വീകരിച്ചു വരുന്നതാണ്. ഈ സർക്കാർ അധികാരമേറ്റ ശേഷം ഇപ്രകാരമുള്ള 13083 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. അവശേഷിക്കുന്ന അപേക്ഷകളിൽ സർവ്വെ സൂപ്രണ്ട് ഓഫീസിൽനിന്നും സർവ്വേ സ്കെച്ച് തയ്യാറാക്കി ഭൂമി പതിവ് ഓഫീസ് മുഖേന സ്ഥല പരിശോധന നടത്തി മഹസ്സർ തയ്യാറാക്കി പട്ടയം നടപടികൾ പൂർത്തീകരിച്ച് വരുന്നതാണ്. കെ.എസ്.ഇ.ബി. ഉപേക്ഷിക്കപ്പെട്ട പെരിഞ്ഞാംകുട്ടി പദ്ധതി പ്രദേശങ്ങൾ ഉൾപ്പെടെയുള്ള റവന്യൂ ഭൂമിക്ക് 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഇടുക്കി, ഉടുമ്പൻചോല, ദേവികുളം, പീരുമേട്, തൊടുപുഴ എന്നീ താലൂക്കാഫീസുകളിലായി പട്ടയ നടപടി സ്വീകരിച്ചുവരുന്നതാണ്. സ.ഉ. (കൈ) നമ്പർ 437/14/റവന്യൂ, തീയതി 18-10-2014 ഉത്തരവ് പ്രകാരം ഇടുക്കി ലാന്റ് അസൈൻമെന്റ് കമ്മിറ്റി രൂപീകരിക്കുന്നതുവരെ പ്രസ്തുത താലൂക്കുകളിലെ പട്ടയ വിതരണം സംബന്ധിച്ച ചുമതല ഉടുമ്പൻചോല താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി നിർവ്വഹിച്ചുവരുന്നതാണ്. ഇടുക്കി ജില്ലാ ഭരണകൂടവും നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും (എൻ.ഐ.സി.) ചേർന്ന് പട്ടയ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിന് www.patnis.gov.in എന്ന വെബ്സൈറ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. അപേക്ഷയിലെ വിവരങ്ങൾ, കൂടെ സമർപ്പിച്ച രേഖകൾ, പതിവ് ഭൂമിയുടെ വിവരങ്ങൾ, മഹസ്സർ, സ്കെച്ച്, അസൈൻമെന്റ് ഓർഡർ, പട്ടയം തുടങ്ങിയ എല്ലാ സുപ്രധാന രേഖകളും ഡിജിറ്റൽ രൂപത്തിൽ സൈറ്റിൽ അപ്ലോഡ് ചെയ്യും. ഡേറ്റാ എൻട്രി ഓപ്പറേറ്റർ ചേർക്കുന്ന വിവരങ്ങളും അപ്ലോഡ് ചെയ്യുന്ന വിവരങ്ങളും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി ലോക്ക് ചെയ്തശേഷം മാത്രമാണ് സൈറ്റിൽ ലഭ്യമാകുന്നത്.

ഇടുക്കി ജില്ലയിൽ ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയിട്ടുള്ള പട്ടയ മേളകളിലായി താഴെ ചേർത്തിട്ടുള്ള പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്:

1	1993 സ്പെഷ്യൽ റൂൾസ്	13083
2	വനാവകാശ രേഖ	5957
3	HRC പട്ടയം	543
4	സീറോ വാൻഡ്ലെസ്സ്	2005
5	1964 റൂൾസ്	95
6	പെരിഞ്ചാംകുട്ടി (1964 റൂൾസ്)	2016
	ആകെ	23699

(ബി &സി) വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെ സ്ഥലം ഏറ്റെടുക്കൽ

178 (1221) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള റോഡ് വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് കോഴിക്കോട് എൽ. എ. തഹസീൽദാർ ഓഫീസിൽ ഇതുവരെ സ്വീകരിച്ചത് ; ഫയൽ നമ്പർ സഹിതം വിശദമാക്കുമോ ?

ഉത്തരം

സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള ഭൂമി 5 ബ്ലോക്കുകളായി തിരിച്ച് ഏറ്റെടുത്ത് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷന്റെ കൗൺസിൽ തീരുമാനപ്രകാരം അലൈൻമെന്റിൽനിന്നും 200 മീറ്റർ ഒഴിവാക്കിയാണ് അക്വിസിഷൻ നടത്തിയത്. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ ഓഫീസിലെ ഇതുസംബന്ധിച്ച ഫയൽ നമ്പർ എ 2523/08 ആണ്.

LIBRARY ARCHIVES Kerala Legislative Assembly